LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരന്തവും മത്സ്യ ഉപഭോഗത്തിലെ കുറവും

*12 [42] ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. മത്തായി ചാക്കോ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തെത്തുടർന്ന് കടൽ മത്സ്യങ്ങൾ ഭക്ഷ്യയോഗ്യമല്ലെന്നുള്ള വാർത്ത സംസ്ഥാനത്താകെ പ്രചരിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർത്തകൾ ഉളവാക്കിയ പരിഭ്രാന്തിയെത്തുടർന്ന് മത്സ്യത്തിന്റെ ഉപഭോഗം കുറയുകയും മത്സ്യത്തിന് വിലയിടിവ് നേരിടുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സുനാമി മൂലം മത്സ്യസമ്പത്തിന് വല്ല മാറ്റവും സംഭവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മത്സ്യത്തിന്റെ ഉപഭോഗം കുറഞ്ഞതിനെത്തുടർന്ന് മത്സ്യബന്ധനത്തിലേർപ്പെടുന്നവർ നേരിടുന്ന പ്രയാസങ്ങളും ജനങ്ങളുടെ ഭയാശങ്കകളും മാറ്റാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന്, വ്യക്തമാക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) മത്സ്യത്തിന്റെ ഉപഭോഗം കുറഞ്ഞതിനെത്തുടർന്ന് മത്സ്യബന്ധനത്തിലേർപ്പെടുന്നവർ നേരിടുന്ന പ്രയാസങ്ങളും ജനങ്ങളുടെ ഭയാശങ്കകളും മാറ്റാൻ ഈ മേഖലയിലെ ശാസ്ത്രജ്ഞൻമാരെ വിളിച്ചുകൂട്ടി ചർച്ചകളും പത്രസമ്മേളനങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭയാശങ്കകൾക്ക് വകയില്ലെന്നുള്ള വിവരം പത്രദൃശ്യമാദ്ധ്യമങ്ങളിലൂടെയും ജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ആഡംബര വിവാഹങ്ങൾ നിയന്ത്രിക്കാൻ നടപടി

*13 [43] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, പി. ശങ്കരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹങ്ങളോടനുബന്ധിച്ച് സദ്യയ്ക്കും സ്വീകരണങ്ങൾക്കും; അലങ്കാരത്തിനും ക്ഷണക്കത്തുകൾക്കും വലിയ തുക മുടക്കുന്നത് നിയന്ത്രിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എപ്രകാരം എന്നു വിശദീകരിക്കുമോ;